ഉടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ ബഹു. സുപ്രീം കോടതിയുടെ അന്തിമതീരുമാനം ആയിട്ടില്ല.

കെ.ടി.ഡി.സി. ഏജ് ഹാൾട്ട്

11 (*371) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി., ഏജ് ഹാൾട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) വിദേശ ടൂറിസ്റ്റുകൾക്ക് ആയുർവ്വേദ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) കെ.ടി.ഡി.സി. ടൂറിസ്റ്റുകൾക്കായി ഏജ് ഹാൾട്ട് എന്ന പദ്ധതിക്ക് രൂപം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.ടി.ഡി.സി. യുടെ പ്രമുഖ റിസോർട്ടുകൾ വഴി നടത്തപ്പെടുന്ന വിവിധ ആയുർവ്വേദ പാക്കേജുകളെയാണ് ഏജ് ഹാൾട്ട് (പ്രായ വിരാമം) എന്ന ബ്രാന്റിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. കെ.ടി.ഡി.സി.-ക്ക് കേരളത്തിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഹോട്ടൽ ശൃംഖലയുള്ളതിനാൽ കെ.ടി.ഡി.സി. റിസോർട്ടുകളിലെ ആയുർവ്വേദ പാക്കേജുകൾ തെരഞ്ഞെടുക്കുന്ന ഒരാൾക്ക് ഒരു റിസോർട്ടിൽ തുടങ്ങുന്ന ആയുർവ്വേദ ചികിത്സ കേരളത്തിലെ മറ്റൊരു ടൂറിസ്റ്റ് കേന്ദ്രം സന്ദർശിക്കുന്നതിനോടൊപ്പം തുടരാനാകും എന്നതാണ് ഇതിന്റെ മെച്ചം. ഉദാഹരണമായി കൊച്ചിയിലെ ബോൾഗാട്ടി പാലസ്&ഐലന്റ് റിസോർട്ടിൽ ചികിത്സ തുടങ്ങുന്ന ഒരാൾക്ക് കുമരകത്തോ, കോവളത്തോ മൂന്നാറിലോ സന്ദർശനത്തോടൊപ്പം ചികിത്സയും തുടരാനാകും. കേരളത്തിലെ പ്രമുഖ ആയുർവ്വേദ കേന്ദ്രമായ ശാന്തിഗിരിയുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. തനിമയാർന്ന ആയുർവ്വേദ ചികിത്സയും

LIBRARY ARCHIVES Kerala Legislative Assembly

ഗുണമേന്മയുള്ള ഔഷധങ്ങളുമാണ് ഇതിന്റെ പ്രത്യേകത.

(ബി) ആയുർവ്വേദ ചികിത്സ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്റെ ഭാഗമായാണ് ഏജ് ഹാൾട്ട് എന്ന പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഇടമുറിയാത്ത യാത്രയും ചികിത്സയുമാണ് ഇതുവഴി വിഭാവനം ചെയ്തിരിക്കുന്നത്. ഒരു റിസോർട്ടിൽ താമസിച്ച് ചികിത്സിക്കാവുന്നവയാണ്. പ്രസ്തുത പാക്കേജുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആരോഗ്യം (പൊതു ഉണർവ്), സൗഖ്യം (ശാരീരിക സ്വാസ്ഥ്യം) സുഖനിദ്ര (നല്ല ഉറക്കം), ദേഹകാന്തി (ചർമ്മ സംരക്ഷണം), നേത്രരക്ഷ (കാറ്ററാക്ട് അനന്തര ചികിത്സ), ആയുഷ് (പ്രായ വിരാമ ചികിത്സ) എന്നീ പാക്കേജുകൾക്ക് 1900 മുതൽ 1,20,000 രൂപ വരെയാണ് ചാർജ്ജ്. ഒരു ദിവസം മുതൽ 21 ദിവസം വരെയുള്ള പാക്കേജുകൾ തദ്ദേശീയരും വിദേശീയരുമായ ടൂറിസ്റ്റുകളെ ഉദ്ദേശിച്ചാണ് രൂപപ്പെടുത്തിയിരിക്കുന്നത്.

(സി) വിദേശ സഞ്ചാരികളെ കൂടി ലക്ഷ്യമിട്ടാണ് ഏജ് ഹാൾട്ട് വിഭാവനം ചെയ്തിരിക്കുന്നത്. സഞ്ചാരത്തിനെത്തുന്ന വിദേശികൾക്ക് ആയുർവേദ ചികിത്സ കഴിഞ്ഞ് കേരളത്തിലെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ പലപ്പോഴും സമയം കിട്ടാറില്ല. ഈ സാഹചര്യത്തിൽ ഓരോ സ്ഥലത്തേക്ക് താമസം മാറുമ്പോഴും തടസ്സമില്ലാതെ ചികിത്സ തുടരാനാകുന്ന പദ്ധതിയാണിത്.

(ഡി) കെ.ടി.ഡി.സി. യുടെ പ്രമുഖ ഹോട്ടലുകളായ കോവളത്തെ സമുദ്ര, കൊച്ചിയിലെ ബോൾഗാട്ടി പാലസ് & ഐലന്റ് റിസോർട്ട്, മൂന്നാറിലെ ടീ കൗണ്ടി, തേക്കടിയിലുള്ള ലേക്ക് പാലസ്, ആരണ്യ നിവാസ്, പെരിയാർ ഹൗസ്, കുമരകത്തെ വാട്ടർ സ്കേപ്സ് എന്നീ റിസോർട്ടുകളിലെ ആയുർവ്വേദ കേന്ദ്രങ്ങൾ തിരുവനന്തപുരം ആസ്ഥാനമായുള്ള ശാന്തിഗിരി ആശ്രമത്തിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്. തിരുവനന്തപുരത്തെ മസ്കറ്റ് ഹോട്ടലിലെ ആയുർവ്വേദ കേന്ദ്രത്തിന്റെ പ്രവർത്തനം പാലക്കാട് ആസ്ഥാനമായ കൈരളി ആയുർവ്വേദ ഗ്രൂപ്പിനെയുമാണ് ഏല്പിച്ചിട്ടുള്ളത്.

ദേശീയ പട്ടികജാതി കമ്മീഷന്റെ നിർദ്ദേശങ്ങളിന്മേലുള്ള നടപടി

12 (*372) ശ്രീ. ബി. സത്യൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പട്ടികജാതി കമ്മീഷൻ സംസ്ഥാനത്തെ സ്ഥിതി സംബന്ധിച്ച് അവലോകനം ചെയ്ത ശേഷം നല്കിയ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly